# Telephone Conversation between PM and President of the Republic of South Africa

April 17, 2020

## പ്രധാനമന്ത്രിയും ദക്ഷിണാഫ്രിക്കൻ പ്രസിഡന്റും തമ്മിലുള്ള ടെലിഫോൺ സംഭാഷണം

ഏപ്രിൽ 17, 2020

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് ശ്രീ സിറിൽ റമഫോസയുമായി ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി.

കോവിഡ്-19 പകർച്ചവ്യാധി മുഖേനെ ആഭ്യന്തര, പ്രാദേശിക, ആഗോള വെല്ലുവിളികളെ കുറിച്ചുള്ള കാഴചപ്പാടുകൾ ഇരു നേതാക്കളും പങ്കു വയ്ച്ചു. തങ്ങളുടെ ജനതയുടെ ആരോഗ്യം സംരക്ഷിക്കുന്നതിനും സാമ്പത്തിക പ്രത്യാഘാതങ്ങൾ കുറക്കുന്നതിനുമായി അതാതു സർക്കാരുകൾ സ്വീകരിച്ച നടപടികളും അവർ ചർച്ച ചെയ്തു.

ഈ പ്രതിസന്ധി ഘട്ടത്തിൽ ആവശ്യ മരുന്നുകളുടെ വിതരണം ഉറപ്പു വരുത്തുന്നതിൽ ദക്ഷിണാഫ്രിക്കയ്ക്ക് സാധ്യമായ എല്ലാ പിന്തുണയും നൽകുമെന്ന് പ്രധാനമന്ത്രി ഉറപ്പു നൽകി.

ആഫ്രിക്കൻ യൂണിയന്റെ അധ്യക്ഷ പദവിയിൽ ഇരുന്നുകൊണ്ട് പകർച്ചവ്യാധിക്കെതിരെ ഭൂഖണ്ഡം മുഴുവൻ ഉൾപ്പെടുത്തിയുള്ള പ്രതികരണ നടപടികൾ ഏകോപിപ്പിച്ചതിനു പ്രസിഡണ്ട് റമഫോസെ വഹിച്ച നിർണയ പങ്കിനെ പ്രധാനമന്ത്രി അഭിനന്ദിച്ചു.

ഇന്ത്യയും ആഫ്രിക്കയും നൂറ്റാണ്ടുകൾ പഴക്കമുള്ള സൗഹൃദവും വ്യക്തിബന്ധങ്ങളും സംരിച്ചു കൊണ്ട്, വൈറസിനെതിരെ പൊരുതാൻ, ആഫ്രിക്കയ്ക്ക് ഇന്ത്യയുടെ പൂർണ പിന്തുണയും പ്രധാനമന്ത്രി വാഗ്ദാനം ചെയ്തു.

**ന്യൂ ഡൽഹി**
**ഏപ്രിൽ 17, 2020**

DISCLAIMER: This is an approximate translation. The original is available in English on MEA’s website and may be referred to as the official press release.